## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1828 | 07.03.2018 ൽ മറുപടിയ്ക്ക് |
|---|---|

### സ്ത്രീശാക്തീകരണത്തിനായി കൈക്കൊള്ളുന്ന നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി യു. പ്രതിഭ ഹരി**<br>**ശ്രീ.കെ. ദാസൻ**<br>**,, സി. കൃഷ്ണൻ**<br>**,, കെ.ജെ. മാക്സി** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സ്ത്രീകൾക്ക് ഭരണഘടനാദത്തമായ അവകാശസമത്വം ഉറപ്പുവരുത്തുന്നതിനായി പുതുതായി രൂപീകരിച്ച സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) സ്ത്രീകളുടെയും കുട്ടികളുടെയും വികാസത്തിനായി 30.06.2017 ലെ സ.ഉ(കൈ)നം.24/2017/സാനീവ ഉത്തരവ് പ്രകാരം വനിതാ ശിശു വികസന വകുപ്പ് രൂപീകരിക്കുകയും ടി വകുപ്പിൽ 24 തസ്തികകൾ പുതുതായി സൃഷ്ടിക്കുകയും, ടി വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനായി ശ്രീമതി ഷീബാ ജോർജ്ജ് ഐ.എ.എസ് നെ ഡയറക്ടറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാരിന്റെ 21.01.2018 ലെ സ.ഉ(സാധാ) നം.26/2018/സാനീവ നമ്പർ ഉത്തരവ് പ്രകാരം വനിതാ ശിശു വികസന ഡയറക്ടറേറ്റ് തിരുവനന്തപുരം ജില്ലയിൽ പ്രവർത്തനമാരംഭിക്കുകയും സാമൂഹ്യനീതി വകുപ്പിൽ നിന്നും ജീവനക്കാരെ താൽക്കാലിക ക്രമീകരണ വ്യവസ്ഥയിൽ പുനഃ ക്രമീകരിക്കുകയുണ്ടായി. ജില്ലാ ഓഫീസർ തസ്തികയിലെ സ്ഥിരനിയമനത്തിന് വിശേഷാൽ ചട്ട രൂപീകരണത്തിന് കാലതാമസം നേരിടുമെന്നതിനാൽ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് അധിക ചുമതല നൽകിയിട്ടുണ്ട്.<br><br>സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം, പരിചരണം, ക്ഷേമം വികസനം, പുനരധിവാസം, ശാക്തീകരണം തുടങ്ങിയ വിഷയങ്ങൾ വനിതാ ശിശു വികസന വകുപ്പിന് കൈമാറിയും മുതിർന്ന പൗരന്മാർ, ട്രാൻസ് ജെൻഡർ, മറ്റു പാർശ്വവൽക്കരിക്കപ്പെട്ടവർ എന്നീ വിഷയങ്ങൾ സാമൂഹ്യനീതി വകുപ്പിൽ നിലനിർത്തിയും ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഓരോ വകുപ്പും |

| | |
|---|---|
| | കൈകാര്യം ചെയ്യുന്ന വിഷയങ്ങൾക്കനുസൃതമായി സാമൂഹ്യനീതി വകുപ്പിൽ നിലവിലുണ്ടായിരുന്ന ക്ഷേമ സ്ഥാപനങ്ങളെ ഇരു വകുപ്പുകൾക്കുമായി വിഭജിച്ചു നൽകിയിട്ടുണ്ട്.<br>സെക്ഷനുകൾ വിഭജിച്ച് വർക്ക് അലോക്കേഷൻ നടത്തി ഇരു വകുപ്പുകളിലേയും സെക്ഷനുകളിലേയ്ക്ക് ഫയലുകൾ കൈമാറുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ട്രാൻസിഷൻ ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. വനിതാ ശിശു വികസന വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനായി ജീവനക്കാരെ സ്ഥിരമായി നിയമിയ്ക്കുന്നതിലേയ്ക്കായി വിശേഷാൽ ചട്ടം രൂപീകരിയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിനായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; വിശദീകരിക്കാമോ ; | (ബി) <u>സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു</u><br>1. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖേന വളരെ കുറഞ്ഞ പലിശ നിരക്കിൽ (പ്രതിവർഷം 3% മുതൽ 6% വരെ) വനിതാകൾക്കായി വായ്പ ലഭ്യമാക്കുന്നു. 18 നും 55 നും മദ്ധ്യേ പ്രായമുള്ള വനിതാകൾക്ക് വായ്പയ്ക്ക് അപേക്ഷ നൽകാം. വായ്പയ്ക്കുള്ള പ്രതിവർഷ കുടുംബ വരുമാന പരിധി നഗര പ്രദേശങ്ങളിൽ 1,03,000/-രൂപയും ഗ്രാമപ്രദേശങ്ങളിൽ 81000/- രൂപയുമാണ് ഈട്/ജാമ്യം അനിവാര്യമാണ്<br>2. **അഭയകിരണം പദ്ധതി :-** അനാഥരായ വിധവകളെ സംരക്ഷിക്കുന്നവർക്ക് പ്രതിമാസം 1000/-. രൂപാ വീതം ധനസഹായം നൽകുന്ന പദ്ധതിയാണ് അഭയകിരണം. ഈ പദ്ധതി 2017 മേയ് മാസം മുതൽ പൈലറ്റ് അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.<br>3. **വിധവകളായ സ്ത്രീകൾക്കും അവിവാഹിതരായ അമ്മമാർക്കും ഉള്ള തൊഴിൽ നൈപുണ്യ പരിശീലനം:-** വിധവകളായ സ്ത്രീകൾക്ക് |

| | |
|---|---|
| | അവിവാഹിതരായ അമ്മമാർക്കും സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റിന്റെ നേതൃത്വത്തിൽ തൊഴിൽ നൈപുണ്യ പരിശീലന പരിപാടി ആലപ്പുഴ ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്.<br>**4. സ്വാധാർ ഗ്രഹ് പദ്ധതി:-** ജയിൽ മോചിതരായവർ, വിധവകൾ, അഗതികളായ സ്ത്രീകൾ എന്നിവരാണ് ഗുണഭോക്താക്കൾ. ടിയാളുടെ ഭക്ഷണം, വസ്ത്രം, താമസം, കൗൺസിലിംഗ്, തൊഴിൽ പരിശീലനം എന്നിവ നൽകി പുനരധിവസിപ്പിക്കുന്നു.<br>**5. മംഗല്യ പദ്ധതി :-** വിധവകളായ വനിതകളുടെ പുനഃ വിവാഹത്തിന് 25000/- രൂപ ധനസഹായം നൽകുന്നു.<br>**6. സ്നേഹ പൂർവ്വം പദ്ധതി:-** മാതാവോ പിതാവോ ഇരുവരുമോ മരണമടഞ്ഞ നിർധനരായ കുടുംബങ്ങളിലെ കുട്ടികളെ അനാഥാലയങ്ങളിൽ പാർപ്പിക്കാതെ അവരെ സ്വഭവനങ്ങളിൽ അല്ലെങ്കിൽ ബന്ധുഭവനങ്ങളിൽ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകുക എന്ന ഉദ്ദേശ്യത്തോടെ സാമൂഹ്യ സുരക്ഷ മിഷൻ മുഖേന സ്നേഹപൂർവ്വം പദ്ധതി നടപ്പിലാക്കി വരുന്നു. |
| (സി) സ്ത്രീകളുടെ രാഷ്ട്രീയശാക്തീകരണത്തിന് അനിവാര്യമായ വനിതാ സംവരണ ബിൽ പാസ്സാക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ എന്നറിയിക്കാമോ ; | (സി) ഇക്കാര്യം പരിശോധിക്കുന്നതാണ് |
| (ഡി) ജോലിസംബന്ധമായും അല്ലാതെയും വീട്ടിൽ നിന്ന് മാറി ഒറ്റയ്ക്ക് താമസിക്കേണ്ടി വരുന്ന സ്ത്രീകളുടെ സുരക്ഷിതതാമസത്തിനും യാത്രയ്ക്കും നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (ഡി)<br>1. വിവിധ ആവശ്യങ്ങൾക്കായി തലസ്ഥാന-നഗരിയിൽ എത്തിച്ചേരുന്ന വനിതകൾക്ക സുരക്ഷിതമായ താമസ സൗകര്യം ഒരുക്കുന്നതിനായി വൺഡേ ഹോം എന്ന പദ്ധതി തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| | 2. സ്ത്രീകളുടെ സുരക്ഷിതമായ താമസത്തിനായി വിവിധ ജില്ലകളിലായി വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ (വനിതാ മിത്ര കേന്ദ്രം) നടപ്പിലാക്കി വരുന്നു.<br>3. സ്ത്രീകളുടെ സുരക്ഷിതമായ യാത്ര മുൻനിർത്തി വിവിധ ജില്ലകളിലായി ഷീ ടാക്സി പദ്ധതി നടപ്പിലാക്കി വരുന്നു.<br>4. ഷീ ലോഡ്ജ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ